(ഡി) ക്രമവിരുദ്ധമായി നിർമ്മിച്ച കെട്ടിടം ചട്ടപ്രകാരം നഗരസഭ ക്രമവൽക്കരിക്കുന്ന മുറക്ക് മുൻകാലപ്രാബല്യത്തോടെ നികുതി സ്വീകരിക്കുന്നതാണ്.

ലക്ഷ്മി നൽകിയ നിവേദനം

106 [881] ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ പഞ്ചായത്തിൽ കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നതിനായി ലക്ഷ്മി നൽകിയ അപേക്ഷ ടിയാൾ ജീവിച്ചിരിക്കുമ്പോൾ തന്നെ പരേതയാക്കി നടപടി അവസാനിപ്പിക്കുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ശിക്ഷണ നടപടി കൈക്കൊണ്ടിട്ടില്ലെങ്കിൽ ആയതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) നടപടി സ്വീകരിച്ചുവരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം

107 [882] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതിവിഹിത ഇനത്തിൽ 2004-2005 വർഷം തൃശ്ശൂർ കോർപ്പറേഷൻ, അന്തിക്കാട്, ചേർപ്പ് എന്നീ ബ്ലോക്കുകൾ, താന്ന്യം, പാഴൂർ, വല്ലച്ചിറ, അവണിശ്ശേരി, പാറളം, ചേർപ്പ് എന്നീ ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് എന്ത് തുകവീതമാണ് ലഭിച്ചത് ;

(ബി) മേൽപ്പറഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതുവരെ അനുവദിച്ച തുക എത്രവീതമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2004-2005 വർഷത്തെ ബഡ്ജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമിനത്തിൽ തൃശ്ശൂർ കോർപ്പറേഷന് 12,06,22,000 രൂപയും അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന് 77,15,000 രൂപയും ചേർപ്പ് ബ്ലോക്ക് പഞ്ചായത്തിന് 60,38,000 രൂപയും വകകൊള്ളിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകൾക്ക് വകകൊള്ളിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

താന്ന്യം	..	82,78,000 രൂപ
ചാഴൂർ	..	90,22,000 രൂപ
വല്ലച്ചിറ	..	51,92,000 രൂപ
അവിണിശ്ശേരി	..	43,74,000 രൂപ
പാറളം	..	66,89,000 രൂപ
ചേർപ്പ്	..	97,87,000 രൂപ

പിന്നീട് ഈ തുകയുടെ 1/7 (14.3%) കുറവ് വരുത്തി ഉത്തരവായിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2005 ജനുവരിവരെ അനുവദിച്ച തുകയുടെ വിവരം താഴെ പറയുന്നു:

തൃശ്ശൂർ കോർപ്പറേഷൻ	..	9,04,66,800 രൂപ
അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്	..	57,86,254 രൂപ
ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്	..	45,28,502 രൂപ
താന്ന്യം	..	56,91,126 രൂപ
ചാഴൂർ	..	62,02,623 രൂപ
വല്ലച്ചിറ	..	35,69,502 രൂപ
അവിണിശ്ശേരി	..	30,07,125 രൂപ
പാറളം	..	45,98,688 രൂപ
ചേർപ്പ്	..	67,28,562 രൂപ

LIBRARY ARCHIVES Kerala Legislative Assembly